**പതിനഞ്ചാം  കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## ഇരുപത്തൊൻപതാമത് റിപ്പോർട്ട്

(2022 ഡിസംബർ മാസം 6-ാം  തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2011-2014) യുടെ  പതിനാറാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം  കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## ഇരുപത്തൊൻപതാമത് റിപ്പോർട്ട്

(2022 ഡിസംബർ മാസം  6-ാം  തീയതി സഭയിൽ സമർപ്പിച്ചത് )

**[സമിതി (2011-2014) യുടെ  പതിനാറാമത് റിപ്പോർട്ടിന്മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

265/2023.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശുപാർശകളും | : | 37 |
| അനുബന്ധം II | | |
| സർക്കാർ മറുപടിയിലെ അനുബന്ധം | : | 41 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)
## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ

<u>അംഗങ്ങൾ :</u>

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ഷാജി. സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023)യുടെ ഇരുപത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ പതിനാറാമത് റിപ്പോർട്ടിലെ (ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003 മുതൽ 2004-2005 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച് ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2022 നവംബർ മാസം 30-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2022 ഡിസംബർ 6.

# റിപ്പോർട്ട്

## അദ്ധ്യായം-I

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ പതിനാറാമത് റിപ്പോർട്ടിലെ (ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003 മുതൽ 2004-2005 വരെ വർഷങ്ങളിലേക്കുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ പതിനാറാമത് റിപ്പോർട്ട് 2012 ഡിസംബർ മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 38 ശിപാർശകളാണുള്ളത്. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സർക്കാർ മറുപടികളും അവയിന്മേലുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പുകളും 26-4-2018, 30-4-2019, 9-10-2019, 25-8-2021 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ തെളിവെടുപ്പ് നടത്തുകയും അധികവിവരങ്ങൾ ആരായുകയും തുടർശിപാർശ നിർദ്ദേശിക്കുകയും ചെയ്തു.

1.3 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭിച്ച സൂക്ഷ്മപരിശോധനാക്കുറിപ്പ്, തുടർശിപാർശ എന്നിവ അദ്ധ്യായം-II-ൽ ചേർത്തിരിക്കുന്നു.

1.4 സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയുടെയും ആയതിന്മേൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച സൂക്ഷ്മപരിശോധനാക്കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തരനടപടി തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ച ശിപാർശകളും അവയ്ക്കുള്ള മറുപടികളും അദ്ധ്യായം-III-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം -II

**സമിതിയുടെ ശിപാർശയും സർക്കാർ സ്വീകരിച്ച നടപടിയും ശിപാർശയിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും തുടർശിപാർശകളും**

**പള്ളിക്കൽ ഗ്രാമപഞ്ചായത്ത്**

(ഖണ്ഡിക നമ്പർ 30)

2.1.1. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ നിലവിലെ സ്ഥിതിയും സ്റ്റേ പിൻവലിക്കുന്ന മുറയ്ക്ക് പരാമർശ തുക ഈടാക്കി ആയതിന്റെ വിവരവും റിപ്പോർട്ട് ചെയ്യുവാൻ ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.1.2. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 2002-2003 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ ആഡിറ്റ് ഖണ്ഡിക 7.3.5.1 പ്രകാരം പൊതുമരാമത്ത് ജോലികൾക്ക് ആവശ്യമായ സാധനങ്ങൾക്ക് അധിക വില നൽകി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കിയതായി പരാമർശിച്ച് 29,736 രൂപ തടസ്സപ്പെടുത്തിയിരുന്നു. മേൽ തുക 1,062 രൂപ ക്രമത്തിൽ 28 തവണകളായി തടസ്സത്തിനുത്തരവാദിയായ സെക്രട്ടറി ശ്രീ.കെ.എൻ.ഹരിബാലന്റെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുന്നതിന് ബഹു.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ടയുടെ 24-9-2008-ലെ എ 1-436/2007 നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിനെതിരെ ബഹു. ഹൈക്കോടതിയുടെ ഡബ്ല്യു.പി.(സി)34843/08/സി.ഡബ്ല്യു. ഉത്തരവ് പ്രകാരം ടി റിക്കവറി ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ളതും, കേസ് സംബന്ധിച്ച് ഇപ്പോഴത്തെ സ്ഥിതി അറിയിക്കുന്നതിന് ശ്രീ. കെ. എൻ. ഹരിബാലന് 16-4-2014 -ൽ എ 2683/14 നമ്പർ കത്ത് നൽകിയിട്ടുണ്ട്. കേസ് ഇപ്പോഴും നിലനിൽക്കുന്നതായി 2-5-2014 -ൽ ശ്രീ. ഹരിബാലൻ അറിയിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.1.3. ഉത്തരവാദിയായ സെക്രട്ടറി ശ്രീ. കെ.എൻ. ഹരിബാലൻ ബഹു. കേരള ഹൈക്കോടതിയിൽ നൽകിയ കേസ് ഡബ്ല്യൂ.പി. (സി) 34843/08 ഇപ്പോഴും നിലനിൽക്കുന്നതായി പള്ളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 13-11-2014-ൽ ഇ-മെയിൽ സന്ദേശം വഴി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

**തുടർശിപാർശ**

**2.1.4. നഷ്ടതുക ഈടാക്കുന്നതിനെതിരെ അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. കെ. എൻ. ഹരിബാലൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**കവിയൂർ ഗ്രാമപഞ്ചായത്ത്**

(ഖണ്ഡിക നമ്പർ 42, 43)

**ശിപാർശ (42)**

2.2.1. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിന്റെ അസ്സൽ/ഫോട്ടോകോപ്പി, വൗച്ചർ, മെഷീൻ നൽകിയ ഡീലറുടെ ബിൽ, മെഷീൻ വിതരണം ചെയ്തതിനുള്ള രസീത്, പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുക. പരാമർശം സംബന്ധിച്ച് വിശദമായ അന്വേഷണ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

## ശിപാർശ (43)

2.2.2. ആവശ്യമായ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കാത്തപക്ഷം തയ്യൽ മെഷീൻ വിതരണം ചെയ്ത പദ്ധതിക്കായി ചെലവാക്കിയ തുക അന്നത്തെ സെക്രട്ടറി, പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരിൽ നിന്ന് ഈടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 12-6-2013 -ലെ കത്ത് പ്രകാരം ലഭിച്ച തുടർനടപടിക്കുറിപ്പ്</u>

2.2.3. 8-5-2013-ൽ ഈ ഓഫീസിൽ നിന്നും പ്രാദേശിക പരിശോധന നടത്തിയതിൽ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിന്റെ ഫോട്ടോകോപ്പി ലഭിച്ചു. മെഷീൻ നൽകിയ ഡീലറുടെ ബിൽ, വൗച്ചർ ഇവ ലഭിച്ചിട്ടില്ല. മെഷീൻ കൈപ്പറ്റിയ വിവിധ മഹിളാ സമാജങ്ങൾ ഹാജരാക്കിയ കരാർ ഉടമ്പടികളുടെ പകർപ്പുകളാണ് കൈപ്പറ്റ് രസീതുകളായി ഹാജരാക്കിയത്. പരിശോധനയ്ക്ക് ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ (പേജ് 45) നൗഷാദ് ഏജൻസീസ്, ചങ്ങനാശ്ശേരി എന്നു രേഖപ്പെടുത്തി 30-4-1999-ൽ 90 ലഭിച്ചു. 90 കൊടുത്തു, നീക്കിബാക്കി ഇല്ല, രസീത് അറ്റാച്ച്ട് ഇൻ വൗച്ചർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ഈ പ്രോജക്ടിനായി ചെലവഴിച്ച തുക സെക്രട്ടറി, പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരിൽ നിന്നും ഈടാക്കണമെന്ന സമിതിയുടെ നിർദ്ദേശം സെക്രട്ടറിയെ അറിയിച്ചു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.2.4. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിന്റെ അസ്സൽ/ഫോട്ടോകോപ്പി, വൗച്ചർ, മെഷീൻ നൽകിയ ഡീലറുടെ ബില്ല്, മെഷീൻ വിതരണം ചെയ്തതിനുള്ള രസീത്, പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടുള്ളതാണ്. പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 18-4-2009 -ലെ എ 1-358/09 നമ്പർ റിപ്പോർട്ട് പ്രകാരം മെഷീന്റെ വില 12,450 രൂപയാണ് നഷ്ടം സംഭവിച്ചിരിക്കുന്നത്. തുക ഈടാക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് 18-12-2013 -ലെ സി3-659/2013 കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. 3-5-2014 -ൽ ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഓർമ്മപ്പെടുത്തി കത്ത് അയച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.2.5. 8-5-2013 -ൽ പത്തനംതിട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും പ്രാദേശിക പരിശോധന നടത്തിയതിൽ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ പ്രോജക്ടിനായി ചെലവഴിച്ച 1,86,750 രൂപ നിയമസഭാ സമിതിയുടെ നിർദ്ദേശപ്രകാരം ഈടാക്കണമെന്ന് അറിയിച്ചിരുന്നു. എന്നാൽ തുക നാളിതുവരെ ഈടാക്കിയിട്ടില്ല എന്ന് അറിയിക്കുന്നു.

26-4-2018-ലെ യോഗത്തിലെ സമിതി തീരുമാനം

2.2.6. നഷ്ടത്തുക ഈടാക്കുന്നത് സംബന്ധിച്ച് മൂന്ന് മാസത്തിനകം സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോടാവശ്യപ്പെടാനും ലഭ്യമാകാത്തപക്ഷം ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനും തീരുമാനിച്ചു.

9-10-2019 -ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി

2.2.7. കവിയൂർ ഗ്രാമപഞ്ചായത്തിൽ തയ്യൽ മെഷീനുകൾ കാണാതെ പോയത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ വിശദമായ റിപ്പോർട്ട് സമിതി ആവശ്യപ്പെട്ടിരുന്നുവെന്നും ആയതിൻ പ്രകാരം 2009 -ൽ പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അന്വേഷണം നടത്തുകയും 90 തയ്യൽ മെഷീനുകൾ വാങ്ങിയതിൽ 84 എണ്ണത്തിന് രേഖകളുണ്ടെന്നും നഷ്ടപ്പെട്ട ആറ് മെഷീനുകൾക്ക് നഷ്ടം കണക്കാക്കി 12,450 രൂപ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അറിയിച്ചതിനെ തുടർന്ന് 11-9-2015 -ൽ പ്രസ്തുത തുക സെക്രട്ടറി പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടെന്നും കവിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**തുടർശിപാർശ**

**2.2.8. ഓഡിറ്റ് വകുപ്പ് 8-5-2013 -ൽ പ്രാദേശിക പരിശോധന നടത്തിയ വേളയിലും പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ കവിയൂർ ഗ്രാമപഞ്ചായത്ത് പരിശോധനയ്ക്കായി ഹാജരാക്കിയിരുന്നില്ലെന്നും രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച 1,86,750 രൂപ ബന്ധപ്പെട്ട സെക്രട്ടറി, പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരിൽ നിന്നും തിരികെ ഈടാക്കണമെന്നതാണ് ഓഡിറ്റ് പരാമർശമെന്നും കൂടാതെ സമിതി മുമ്പാകെ മുമ്പ് വ്യക്തമാക്കിയിട്ടില്ലാത്ത വസ്തുതകളാണ് പഞ്ചായത്ത് സെക്രട്ടറി ഇപ്പോൾ പറയുന്നതെന്നുമുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ കവിയൂർ ഗ്രാമപഞ്ചായത്തിൽ ആറ് തയ്യൽ മെഷീനുകൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട വ്യക്തമായ റിപ്പോർട്ട് ഹാജരാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**കവിയൂർ ഗ്രാമപഞ്ചായത്ത്**

(ഖണ്ഡിക നമ്പർ 48)

**ശിപാർശ**

2.3.1. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ വിജിലൻസിന് കൈമാറിയിട്ടുണ്ടോ എന്നതിനെ സംബന്ധിച്ചും അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ ടി അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയും സമിതിക്കും ഓഡിറ്റിനും റിപ്പോർട്ട് ചെയ്യുക. കൂടാതെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലും മറ്റു രേഖകളും പരിശോധിച്ച് പദ്ധതി നിർവ്വഹണത്തിൽ സംഭവിച്ച

വീഴ്ചകളെ സംബന്ധിച്ചും പദ്ധതി നിർവ്വഹണത്തിലെ ധനവിനിയോഗത്തെ സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് സമിതിക്ക് സമർപ്പിക്കണമെന്നും കൺവീനറിൽ നിന്ന് ഈടാക്കേണ്ട തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 12-6-2013 -ലെ കത്ത് പ്രകാരം ലഭിച്ച തുടർനടപടിക്കുറിപ്പ്

2.3.2. വിജിലൻസ് ഡയറക്ടർക്ക് കൈമാറിയ ഫയൽ തന്നെയാണ് 8-5-2013-ൽ നടത്തിയ പ്രാദേശിക പരിശോധനയ്ക്ക് ലഭ്യമാക്കിയത് എന്ന് ഗ്രാമപഞ്ചായത്തധികൃതർക്ക് ഉറപ്പില്ല. വിജിലൻസ് അന്വേഷണത്തിന്റെ തൽസ്ഥിതി അന്വേഷിച്ച് റിപ്പോർട്ടു നൽകാമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കൃത്യമായ ഫയൽ ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് നിയമസഭാ സമിതിയ്ക്ക് നൽകുന്നതാണ് എന്നറിയിച്ചുകൊള്ളുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.3.3. കവിയൂർ ഗ്രാമപഞ്ചായത്തിൽ 1999-2000 വർഷത്തിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ഗുണഭോക്തൃകമ്മിറ്റിയുടെ കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിരുന്നു. അഡ്വാൻസ് കൈപ്പറ്റിയ കൺവീനർമാർ പണി ഏറ്റെടുത്ത് നടത്താത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട കൺവീനർമാർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് തിരുവല്ല തഹസീൽദാർക്ക് ശിപാർശ ചെയ്തിട്ടുള്ളതാണ്. റവന്യൂ റിക്കവറി നടപടികൾ പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം വിജിലൻസ് ഡയറക്ടർക്ക് ടി വിഷയവുമായി ബന്ധപ്പെട്ട് 16-12-2013-ൽ സി3-130/98 നമ്പർ കത്ത് അയച്ചിരുന്നു, എന്നാൽ മറുപടി ഇതുവരെ ലഭിച്ചിട്ടില്ല. വിജിലൻസ് ഡയറക്ടർ തിരുവനന്തപുരം പേർക്കു സി3-130/98 നമ്പർ പ്രകാരം 2-5-2014-ൽ ഓർമ്മപ്പെടുത്തി കത്ത് നൽകിയിരുന്നു. വിജിലൻസ് ഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം ഓംബുഡ്സ്മാന്റെ ഉത്തരവിന്റെ പകർപ്പ് 2-6-2014 -ൽ വീണ്ടും അയച്ചു കൊടുത്തിട്ടുള്ളതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്.

2.3.4. വിജിലൻസ് ഡയറക്ടർക്ക് കൈമാറിയ ഫയൽ തന്നെയാണ് 8-5-2013-ൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയ പ്രാദേശിക പരിശോധനയ്ക്ക് ലഭ്യമാക്കിയത് എന്ന് ഗ്രാമപഞ്ചായത്ത് അധികൃതർക്ക് ഉറപ്പില്ല. കൃത്യമായ ഫയൽ ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് സമിതിയ്ക്ക് സമർപ്പിക്കുന്നതാണ് എന്ന് അറിയിച്ചുകൊള്ളുന്നു.

**തുടർ ശിപാർശ**

**2.3.5. വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് കവിയൂർ ഗ്രാമപഞ്ചായത്തിനോട് സമിതി നിർദ്ദേശിക്കുന്നു.**

**കവിയൂർ ഗ്രാമപഞ്ചായത്ത്**

(ഖണ്ഡിക നമ്പർ 55)

**ശിപാർശ**

2.4.1. നാല്വപാറ വെളിത്തേടത്ത് കടവ് ഇറിഗേഷൻ ബണ്ട് എക്സ്സ്റ്റൻഷൻ പണി ഇലക്ട്രിസിറ്റിപ്പടി-പാടിക്കൽ കടവ് റോഡ്, കയ്യാലേപ്പടി-ഉണ്ടിപ്പടി റോഡ് എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് കൺവീനർമാരിൽ നിന്ന് ഈടാക്കേണ്ട തുക ആർ.ആർ. നടപടിയിലൂടെ അടിയന്തരമായി ഈടാക്കിയും ഇലക്ട്രിസിറ്റിപ്പടി-പാടിക്കൽ കടവ് റോഡ് പ്രവൃത്തിയുടെ ഭൗതിക പരിശോധന നടത്തിയും റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.4.2. ആർ.ആർ. നടപടി സ്വീകരിച്ചിട്ടുണ്ട്, തുക ലഭിച്ചിട്ടില്ല. ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇലക്ട്രിസിറ്റിപ്പടി-പാടിക്കൽ കടവ് റോഡ് പ്രവൃത്തിയുടെ ഭൗതിക പരിശോധന ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ നിന്ന് 8-5-2013-ൽ നടത്തി ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. റിപ്പോർട്ട് പഞ്ചായത്താഫീസിൽ ലഭ്യമാക്കിയിട്ടില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്.

2.4.3. നാല്വപാറ വെളിത്തേടത്ത് കടവ് ഇറിഗേഷൻ ബണ്ട് എക്സ്റ്റൻഷൻ പണിയുടെ കൺവീനർ ശ്രീ. തോമസ് ചാക്കോ, കുഴമനയ്ക്കൽ, കോട്ടൂർ പി.ഒ., കവിയൂർ എന്നയാൾക്കെതിരെ 15-7-2002-ൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചെങ്കിലും 12 വർഷത്തിനു ശേഷവും തുക ഈടാക്കാനായിട്ടില്ല എന്നറിയിക്കുന്നു. ഇലക്ട്രിസിറ്റിപ്പടി-പാടിക്കൽ കടവ് റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൺവീനർ ശ്രീ. ജോസ് വർഗീസിൽ നിന്നും തുക (20,000 രൂപ) ഈടാക്കിയിട്ടില്ല. ഈ റോഡിന്റെ ഭൗതിക പരിശോധന നടത്തിയതിൽ 1999-2000-ന

ശേഷം ടാറിംഗ് നടത്തിയതായി ബോദ്ധ്യപ്പെട്ടു. കയ്യാലേപ്പടി-ഉണ്ടിപ്പടി റോഡ് പ്രവൃത്തിയുടെ കൺവീനറായ ശ്രീ ജോസ് വർഗീസ്, കുഴിക്കാലയിൽ, മുണ്ടിയപ്പള്ളി എന്നയാളിൽ നിന്ന് തുക ഈടാക്കുവാൻ 15-7-2002 -ൽ ആർ. ആർ. നടപടി ആരംഭിച്ചെങ്കിലും തുക നാളിതുവരെ ഈടാക്കിയിട്ടില്ല എന്ന് അറിയിക്കുന്നു.

**തുടർശിപാർശ**

**2.4.4. നാലുപാറ വെളിത്തോടത്ത് കടവ് ഇറിഗേഷൻ ബണ്ട് എക്സ്റ്റൻഷൻ പണി, ഇലക്ട്രിസിറ്റിപ്പടി-പാടിക്കൽ കടവ് റോഡ്, കയ്യാലേപ്പടി-ഉണ്ടിപ്പടി റോഡ് എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട കൺവീനർമാർക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**കവിയൂർ ഗ്രാമപഞ്ചായത്ത്**

ഖണ്ഡിക നമ്പർ 59

**ശിപാർശ**

2.5.1. മണ്ണേറ്റുപടി-പാറപ്പുഴ കടവ് റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട് 12,500 രൂപ അഡ്വാൻസ് കൈപ്പറ്റുകയും പണി ചെയ്യാതിരിക്കുകയും ചെയ്ത കൺവീനറിൽ നിന്നും അഡ്വാൻസ് തുക പലിശസഹിതം ആർ.ആർ. നടപടിയിലൂടെ അടിയന്തരമായി ഈടാക്കി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുക.

സർക്കാർ സ്വീകരിച്ച നടപടി

2.5.2. ചെയ്ത പണിയുടെ മൂല്യനിർണ്ണയം നടത്തി ക്ലോസ്സ് ചെയ്യുന്നതിന് 9-7-2002-ലെ 1(2) തീരുമാന പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. തുക ഇതുവരെ ക്ലോസ്സ് ചെയ്തിട്ടില്ല. മൊത്തം തുകയും ഈടാക്കാനുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.5.3. പദ്ധതിയുടെ കൺവീനർ ശ്രീ. ജോസ് വർഗീസിന് നൽകിയ അഡ്വാൻസ് തുക 12,500 രൂപ പലിശ സഹിതം ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന് അറിയിക്കുന്നു.

**തുടർ ശിപാർശ**

**2.5.4. ഉത്തരവാദിയായ കൺവീനർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് തുക ഈടാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## അരുവാപ്പുലം ഗ്രാമപഞ്ചായത്ത്

(ഖണ്ഡിക 87)

### ശിപാർശ

2.6.1. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യുവാനും കേസിന്റെ വിധിപ്രകാരം തുടർനടപടികൾ സ്വീകരിക്കാനും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.6.2. ടി കേസിന്മേൽ അന്നത്തെ സെക്രട്ടറി ആയിരുന്ന ശ്രീമതി വി. എൻ. ഇന്ദിരാകുമാരിയെ പണം ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ബഹു. കേരള ഹൈക്കോടതി 2010 ഓഗസ്റ്റ് മാസം 30-ാം തീയതി വിധി പ്രഖ്യാപിച്ചിട്ടുള്ളതാണ്. വിധിയുടെ പകർപ്പ് ഉൾപ്പെടുത്തുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.6.3. സെക്രട്ടറിയായിരുന്ന ശ്രീമതി വി. എൻ. ഇന്ദിരാകുമാരിയെ പണം ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കികൊണ്ട് ബഹു. കേരള ഹൈക്കോടതി ഡബ്ല്യൂ. പി. (സി) നമ്പർ 311/2008 (കെ) 30-8-2010-ൽ വിധി പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ കരാറുകാരനിൽ നിന്നോ ബന്ധപ്പെട്ട മറ്റുള്ളവരിൽ നിന്നോ നഷ്ടപ്പെട്ട തുക ഈടാക്കാമെന്ന പ്രസ്തുത വിധിയിൽ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. അരുവാപ്പുലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 2-7-2012-ലെ എ 3-91-2012 കത്ത് പ്രകാരം 30-6-1999-ലെ സബ് കമ്മിറ്റി റിപ്പോർട്ടിൽ 1-4-1999 മുതൽ കരാറുകാരൻ മണൽ ഖനനം നടത്തിയിട്ടില്ലായെന്നും പഞ്ചായത്തിന് നഷ്ടം ഒന്നും സംഭവിച്ചിട്ടില്ലായെന്നും ഇക്കാര്യത്തിൽ വ്യക്തത ഇല്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്.

### തുടർ ശിപാർശ

**2.6.4 കരാറുകാരനിൽ നിന്നോ ബന്ധപ്പെട്ട മറ്റുള്ളവരിൽ നിന്നോ നഷ്ടപ്പെട്ട തുക ഈടാക്കാമെന്ന കോടതി വിധിയിന്മേൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**ഏറത്ത് ഗ്രാമപഞ്ചായത്ത്**

(ഖണ്ഡിക നമ്പർ 101)

**ശിപാർശ**

2.7.1 കെ.എസ്.എച്ച്.ബി.-യിൽ നിന്നും തിരികെ ലഭിക്കേണ്ട തുക ലഭ്യമാക്കുന്നതിനായി, സർക്കാരിലേയ്ക്ക് അപേക്ഷിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്തിനോട് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.7.2 ഏറത്ത് ഗ്രാമപഞ്ചായത്തിൽ മൈത്രീ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് വിഹിതമായ ആളൊന്നുക്ക് 12,500 രൂപ വീതം 66 പേരുടെ ഗുണഭോക്തൃ വിഹിതമായി 8,25,000 രൂപയും 99/2000-ൽ 103 ഗുണഭോക്താക്കൾക്കായി നൽകിയ ഇനത്തിൽ ഒരാളുടെ ഗുണഭോക്തൃ വിഹിതമായി 12,500 രൂപയും ചേർത്ത് 8,37,500 രൂപ തിരികെ ആവശ്യപ്പെട്ട് മാനേജിംഗ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, തിരുവനന്തപുരത്തേയ്ക്ക് കത്ത് നൽകിയിരുന്നു. ടി പദ്ധതി നിർത്തലാക്കിയതിനാൽ പഞ്ചായത്തിൽ നിന്നും ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് നൽകാമെന്ന് 18-8-2007-ലെ കെ.എം.385/റൂഫണ്ട് ഒ.റ്റി.എ.ഡി./2003 കത്തു പ്രകാരം കോന്നി ഹൗസിംഗ് ബോർഡിൽ നിന്നും അറിയിച്ചിരിക്കുന്നു. എന്നാൽ നാളിതുവരെ ഈ തുക പഞ്ചായത്തിനു തിരികെ ലഭിച്ചിട്ടില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.7.3 കേരള ഹൗസിംഗ് ബോർഡിൽ നിന്നും ഗ്രാമപഞ്ചായത്തിനു ലഭിക്കേണ്ട 8,37,500 രൂപ ലഭ്യമാക്കുവാൻ സർക്കാരിലേയ്ക്ക് ബഹു. പഞ്ചായത്ത് ഡയറക്ടർ മുഖേന എ 3327/13 29-8-2013-ൽ ഗ്രാമപഞ്ചായത്ത് കത്ത് നൽകിയെങ്കിലും നാളിതുവരെ തുക ലഭിച്ചിട്ടില്ല എന്നും അറിയിച്ചുകൊള്ളുന്നു.

**തുടർ ശിപാർശ**

**2.7.4 പ്രസ്തുത വിഷയത്തിൽ ഹൗസിംഗ് ബോർഡിന്റെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപം നടന്നതായി സമിതി വിലയിരുത്തുന്നു. അതോടൊപ്പം, സർക്കാരും ഇക്കാര്യത്തിൽ അനാസ്ഥ കാണിച്ചതായി സമിതി നിരീക്ഷിക്കുന്നു. മേൽവിഷയത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഹൗസിംഗ് ബോർഡിൽ നിന്നും ലഭിക്കേണ്ട തുക ഈടാക്കി ഗ്രാമപഞ്ചായത്തിന് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്

(ഖണ്ഡിക നമ്പർ 115)

### ശിപാർശ

2.8.1 (i) വാഴൂർമുക്ക് റോഡ് ടാറിംഗ് (ii) ഇടത്തിക്കാവ്-മണൽക്കടവ് കോൺക്രീറ്റിംഗ് (iii) എൽ.പി.എസ്.പടി റോഡും ഡി.ആർ.നിർമ്മാണവും (iv) ഇടത്തിക്കാവ്-ഡി.ആർ. (v) ചാത്തൻതറ-അഴുത കോളനി റോഡ് (vi) ആന്റണിമുക്ക്-മുക്കൂട്ടുതറ റോഡ് ടാറിംഗ് എന്നീ പ്രവൃത്തികളിന്മേൽ പഞ്ചായത്ത് പ്രസിഡന്റും എഞ്ചിനീയറും ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി, സ്ഥല പരിശോധന നടത്തി പ്രവൃത്തികൾ ഒന്നും നടത്തിയിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തത് കണക്കിലെടുത്ത് ടി പ്രവൃത്തികളുടെ കൺവീനർമാരിൽ നിന്ന് റവന്യൂ റിക്കവറിയിലൂടെ ഈടാക്കാൻ നിശ്ചയിച്ചിരുന്ന തുക പലിശസഹിതം അടിയന്തരമായി ഈടാക്കി സമിതിയിൽ റിപ്പോർട്ട് ചെയ്യുക. കൂടാതെ വേഴയ്ക്കാപ്പടി കലുങ്ക് ആറാകർപടി-ഡി.ആർ. നിർമ്മാണം, ചാത്തൻതറ-പത്താം കോളനി റോഡ്, കൊല്ലമുള-പലകക്കടവ് റോഡ് ടാറിംഗ് എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും ആർ.ആർ. നടപടിയിലൂടെ ഈടാക്കേണ്ട തുക പലിശ സഹിതം ഈടാക്കി റിപ്പോർട്ട് ചെയ്യുക.

### സർക്കാർ സ്വീകരിച്ച നടപടി

2.8.2 മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങി പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കോൺട്രാക്ടർമാരിൽ നിന്ന് റവന്യൂ റിക്കവറി മുഖേന പണം ഈടാക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചു. റവന്യൂ റിക്കവറി നടപടിക്കെതിരെ ബഹു. ഹൈക്കോടതിയിൽ കരാറുകാർ ഫയൽ ചെയ്തിരുന്ന ഡബ്ല്യൂ.പി.സി. നമ്പർ - 4958/2004, 5021/2004, 5029/2004, 12875/2004, 12801/2004, 12843/2006 എന്നിവയിന്മേൽ ബഹു. ഹൈക്കോടതിയിൽ നിന്നും 15-11-2007 തീയതിയിൽ പഞ്ചായത്തിന് അനുകൂലമായ ജഡ്ജ്മെന്റ് ഉണ്ടായിട്ടുള്ളതുമാണ്. അതുപ്രകാരം റവന്യൂ റിക്കവറിയ്ക്ക് 20-5-2010 തീയതിയിൽ E1-83/2009 കത്ത് കളക്ടർക്ക് നൽകിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 12/2010 മുതൽ റവന്യൂ റിക്കവറി തുക ലഭിച്ചു വരുന്നതാണ്. നാളിതുവരെ 1,92,011 രൂപ റിക്കവറി ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.8.3 1. വാഴൂർമുക്ക് റോഡ് ടാറിംഗ് എന്ന പ്രവൃത്തിയുടെ കൺവീനറിൽ നിന്നും 50,000 രൂപ 18% പിഴപലിശ സഹിതം ഈടാക്കുന്നതിനായി 10-8-2010-ലെ ആർ 6-31215 കത്ത് പ്രകാരം ബഹു. കളക്ടർ റാന്നി തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നാളിതുവരെ തുകയൊന്നും ഈടാക്കിയിട്ടില്ല.

2. ഇടത്തിക്കാവ്-മണൽക്കടവ് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയുടെ കൺവീനറിൽ നിന്നും 25,000 രൂപ 18% പിഴപ്പലിശ സഹിതം ഈടാക്കുന്നതിനായി ജില്ലാ കളക്ടർ 10-8-2010-ന് ആർ6-31330/10 കത്ത് പ്രകാരം ആർ.ആർ. നടപടിക്ക് റാന്നി തഹസീൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന് നാളിതുവരെ 19,000 രൂപ ഈടാക്കിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ തുടർന്നുവരുന്നു.

3. എൽ.പി.എസ്.പടി-ഡി.ആർ. നിർമ്മാണം എന്ന പ്രവൃത്തിയുടെ കൺവീനറിൽ നിന്നും 37,750 രൂപ ഈടാക്കുന്നതിന് ജില്ലാ കളക്ടർ 10-8-2010-ലെ ആർ 6-31331/10 കത്ത് പ്രകാരം ആർ.ആർ. നടപടി സ്വീകരിക്കുന്നതിന് റാന്നി തഹസീൽദാരെ ചുമതലപ്പെടുത്തുകയും നാളിതുവരെ 20,000 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു. റിക്കവറി നടപടികൾ തുടർന്നു വരുന്നു.

4. ഇടത്തിക്കാവ്-ഡി.ആർ. പ്രവൃത്തിയുടെ കൺവീനറിൽ നിന്നും 10,000 രൂപ ഈടാക്കുന്നതിനായി 20-5-2010-ൽ ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ നൽകുകയും റാന്നി തഹസീൽദാർ റവന്യൂ റിക്കവറി നടത്തി 14-2-2012 വരെ 7,300 രൂപ ഈടാക്കി ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. തുടർന്ന് റിക്കവറി നടപടികൾ തുടരാതിരുന്നത് എന്ത് കാരണത്താലാണെന്നുള്ള വിവരം റവന്യൂ അധികാരികൾ റാന്നി ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

5. ചാത്തൻതറ-അഴുതാ കോളനി റോഡ് ടാറിംഗ് പ്രവൃത്തിയുടെ കൺവീനറിൽ നിന്നും 25,000 രൂപ ഈടാക്കുന്നതിനായി 20-5-2010-ൽ ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ നൽകുകയും റാന്നി തഹസീൽദാർ റവന്യൂ റിക്കവറി നടത്തി 22-2-2013 വരെ 19,000 രൂപ ഈടാക്കി ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ തുടർന്നു വരുന്നു.

6. ആന്റണി മുക്ക്- മുക്കൂട്ടുതറ റോഡ് ടാറിംഗ് പ്രവൃത്തിയുടെ കൺവീനറിൽ നിന്നും 50,000 രൂപ ഈടാക്കുന്നതിന് ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ നൽകുകയും റാന്നി തഹസീൽദാർ റവന്യൂ റിക്കവറി നടത്തി പിഴപ്പലിശ സഹിതം 57,500 രൂപ ഈടാക്കി ഗ്രാമപഞ്ചായത്തിൽ ഒടുക്കു വരുത്തുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ സമിതി കൺവീനർ കൈപ്പറ്റിയ തുക പൂർണ്ണമായും ഈടാക്കിയിട്ടുണ്ട്.

7. വേഴയ്ക്കാപ്പടി-കലുങ്ക് നിർമ്മാണ പ്രവൃത്തിയുടെ കൺവീനറിൽ നിന്നും 12,500 രൂപ ഈടാക്കുന്നതിനായി 20-5-2010-ൽ ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറിക്കായി പ്രൊപ്പോസൽ നൽകിയതുപ്രകാരം റാന്നി തഹസീൽദാർ 18-1-2011 വരെ 4,750 രൂപ ഈടാക്കി ഒടുക്കിയിട്ടുണ്ട്. ബാക്കി തുക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

8. ആറായ്ക്കൽപ്പടി-ഡി.ആർ. പ്രവൃത്തിയുടെ കൺവീനർ കൈപ്പറ്റിയ 6,250 രൂപ ഈടാക്കുന്നതിന് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

9. ചാത്തൻതറ-പത്താം കോളനി റോഡ് നിർമ്മാണ പ്രവൃത്തിയുടെ കൺവീനറിൽ നിന്നും 25,000 രൂപ ഈടാക്കാനായി 20-5-2010-ലെ ഇ 1-83/09 കത്ത് പ്രകാരം കളക്ടർക്ക് പ്രൊപ്പോസൽ നൽകിയിരുന്നു. ആയത് പ്രകാരം ജില്ലാ കളക്ടർ 10-8-2010-ലെ ആർ 6-31336/10 പ്രകാരം റാന്നി തഹസീൽദാരെ റവന്യൂ റിക്കവറി നടത്തി തുക ഈടാക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്നെങ്കിലും നാളിതുവരെ തുകയൊന്നും ഈടാക്കിയിട്ടില്ല. അന്വേഷണത്തിൽ തുക ഈടാക്കുന്നതിന് ആവശ്യമായ യാതൊരു ആസ്തിയും ടിയാൾക്ക് ഇല്ലാത്തതാണെന്നും പാപ്പരാണെന്നും ഉള്ള വിവരം സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്.

10. കൊല്ലമുള-പലകക്കാവ് റോഡ് ടാറിംഗ് പ്രവൃത്തിയുടെ കൺവീനറിൽ നിന്നും 25,000 രൂപ റവന്യൂ റിക്കവറി നടത്തി ഈടാക്കാനായി 20-5-2010-ൽ പ്രൊപ്പോസൽ നൽകുകയും കളക്ടറുടെ 10-8-2010-ലെ ആർ 6/31340/10 ഉത്തരവിലൂടെ റാന്നി തഹസീൽദാർ 15-3-2013 വരെ 19,000 രൂപ റവന്യൂ റിക്കവറി നടത്തി ഗ്രാമപഞ്ചായത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ തുടർന്നുവരുന്നു.

### തുടർ ശിപാർശ

**2.8.4 ആന്റണിമുക്ക്-മുക്കൂട്ടുതറ റോഡ് ടാറിംഗ് പ്രവൃത്തിയുടെ കൺവീനർ കൈപ്പറ്റിയ തുക പൂർണ്ണമായും ഈടാക്കിയിട്ടുണ്ടെന്ന ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശത്തിലെ പ്രസ്തുത ഭാഗം ഒഴിവാക്കണമെന്നും ശേഷിച്ചവയിന്മേൽ ബന്ധപ്പെട്ട കൺവീനർമാർക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

### വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്

<u>(ഖണ്ഡിക നമ്പർ 116)</u>

### ശിപാർശ

2.9.1 പഴയമഠം-പാലാബ്ലോക്ക് ടാറിംഗ്, ഉപ്പുമാക്കൽപ്പടി കലുങ്ക് എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് കൺവീനർ ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യുക.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.9.2 ബഹു. ഹൈക്കോടതിയിൽ ഇതു സംബന്ധമായി ശ്രീ. പി. എം. അഗസ്തി ഫയൽ ചെയ്തിരുന്ന ഡബ്ല്യു.പി.സി. നമ്പർ 12785/2004-ന്മേൽ പഞ്ചായത്തിന് അനുകൂലമായ വിധി വന്നിട്ടുള്ളതാണ്. ടിയാനിൽ നിന്നും റവന്യൂ റിക്കവറി പ്രകാരം 12/2010 മുതൽ തുക ഈടാക്കി വരുന്നതുമാണ്. നാളിതുവരെ റിക്കവറി ഇനത്തിൽ 13,780 രൂപ ഈടാക്കിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.9.3 ടി പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസ് തീർപ്പാക്കിയത് പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർ ആയിരുന്ന ശ്രീ. പി. എം. അഗസ്തിയിൽ നിന്നും 37,750 രൂപ ഈടാക്കാനായി 20-5-2010-ൽ ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ നൽകുകയും കളക്ടറുടെ 10-8-2010-ലെ ആർ 6-31334/10 കത്തിന്റെ അടിസ്ഥാനത്തിൽ റാന്നി തഹസീൽദാർ 14,200 രൂപ റവന്യൂ റിക്കവറി നടത്തി ഗ്രാമപഞ്ചായത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ തുടർന്നുവരുന്നു.

**തുടർ ശിപാർശ**

**2.9.4 ബന്ധപ്പെട്ട കൺവീനർക്കെതിരെ തുടർന്നു വരുന്ന റവന്യൂറിക്കവറി നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**പന്തളം ഗ്രാമപഞ്ചായത്ത്**

<u>(ഖണ്ഡിക നമ്പർ 125)</u>

**ശിപാർശ**

2.10.1 പ്ലാക്കൂട്ടത്തിൽപ്പടിക്കുളം-പുത്തൻകുളം മണ്ണാട്ടുപാറക്കുളം എന്നിവയുടെ സംരക്ഷണം എന്ന പരാമർശത്തിന്മേൽ സാങ്കേതിക പരിശോധന നടത്തി പ്രവൃത്തി പൂർത്തീകരണത്തെയും ബാദ്ധ്യതയുണ്ടെങ്കിൽ ആയതിനെയും സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതിയിൽ സമർപ്പിക്കുക. ടെലിഫോൺ എക്സ്ചേഞ്ച്, മുകടിപ്പടി റോഡ്, പാലത്തടം കോളനി റോഡ് എന്നീ പരാമർശങ്ങളുമായി ബന്ധപ്പെട്ട് എം.ബുക്ക് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുക.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 12-6-2013-ലെ കത്ത് പ്രകാരം ലഭിച്ച തുടർ നടപടിക്കുറിപ്പ്</u>

2.10.2 വിശദമായ റിപ്പോർട്ട് സമിതിയിൽ സമർപ്പിക്കുന്നതാണെന്നും എം.ബുക്ക് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ നിയമസഭാ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് 8-5-2013-ൽ ടി പഞ്ചായത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യമായിട്ടുണ്ട്.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.10.3 പ്ലാക്കുട്ടത്തിൽപ്പടിക്കുളം-പുത്തൻകുളം മണ്ണാട്ടുപാറക്കുളം എന്നിവയുടെ സംരക്ഷണം തുടങ്ങിയ പണികൾ 2001-02 വർഷത്തിൽ നടന്നിട്ടുള്ളതാണ്. ആയത് സംബന്ധിച്ച് യാതൊരു രേഖകളും പഞ്ചായത്തിൽ വിശദമായ പരിശോധന നടത്തിയെങ്കിലും ലഭിച്ചിട്ടില്ല. ടെലിഫോൺ എക്സ്ചേഞ്ച്, മുകടിപ്പടി റോഡ്, പാലത്തടം കോളനി റോഡ് എന്നീ പരാമർശങ്ങളുമായി ബന്ധപ്പെട്ട ഫയലും എം.ബുക്കുകളും വിശദമായ പരിശോധന നടത്തിയെങ്കിലും ലഭിച്ചിട്ടില്ല. ടി പ്രവൃത്തി സംബന്ധിച്ച് സാങ്കേതിക പരിശോധന നടത്തി പൂർത്തീകരണത്തെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകുവാൻ പന്തളം, എൽ.എസ്.ജി.ഡി. സെക്ഷൻ, അസിസ്റ്റന്റ് എഞ്ചിനീയർക്ക് പഞ്ചായത്ത് 19-4-2014-ൽ കത്ത് നൽകിയിട്ടുണ്ട്.(കത്ത്നം.എ 5678/14). റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.10.4 8-5-2013-ൽ പന്തളം ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ എം.ബുക്കും അനുബന്ധ രേഖകളും ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല എന്ന് അറിയിച്ചുകൊള്ളുന്നു.

**തുടർ ശിപാർശ**

**2.10.5 പ്രസ്തുത വിഷയം സംബന്ധിച്ച് ആവശ്യപ്പെട്ട വിശദമായ റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പരാമർശിത പ്രവൃത്തികളുടെ എം.ബുക്ക് കണ്ടെത്തി ഓഡിറ്റിന് ഹാജരാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**പന്തളം ഗ്രാമപഞ്ചായത്ത്**

<u>(ഖണ്ഡിക നമ്പർ 126)</u>

**ശിപാർശ**

2.11.1 പാറേ-കൊല്ലാംകുളം സംരക്ഷണം, കുന്നിയിലെ തുണ്ടിൽക്കണ്ടം മോടിപ്പടി റോഡ്, കോഴിച്ചാൽ-ഇരുട്ടടി തോട് വലിയ തോട് വരെ ആഴം കൂട്ടൽ, കിളികൊല്ലൂർ തോട് സംരക്ഷണം എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് കൺവീനർമാർക്കെതിരെ ആർ.ആർ. നടപടിപ്രകാരം ഈടാക്കേണ്ട തുക പലിശ സഹിതം ഈടാക്കി റിപ്പോർട്ട് ചെയ്യുക.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.11.2 8-8-2008-ൽ ആർ.ആർ. നടപടിയ്ക്ക് ബഹു. ജില്ലാ കളക്ടർക്ക് കത്ത് നൽകി. ടി പ്രവൃത്തിയുടെ കൺവീനർ ശ്രീ. മനോജിൽ നിന്ന് 4,922 രൂപയും പലിശയും ഉൾപ്പെടെയുള്ള തുകകൾ റവന്യൂ റിക്കവറി നടത്തി ഈടാക്കുന്നതിന് 6-8-2008-ലെ

എ 1-1182/2007 നമ്പരായി ബഹു. ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ടി റവന്യൂ റിക്കവറി നടപടികൾ നാളിതുവരെ നടന്നിട്ടില്ലാത്തതിനാൽ ടി കൺവീനറിൽ നിന്നും ടി തുക ഈടാക്കുവാൻ അടിയന്തര നടപടി ഉണ്ടാകണമെന്ന് കാണിച്ച് ബഹു. പത്തനംതിട്ട ജില്ലാ കളക്ടറോട്, 21-4-2014-ൽ എ-5678/14 നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.11.3 നാല് പ്രവൃത്തികളുടെയും കൺവീനർമാർക്കെതിരെ 27-10-2014-ലാണ് പന്തളം ഗ്രാമപഞ്ചായത്ത് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചത് എന്ന് അറിയിച്ചുകൊള്ളുന്നു.

**തുടർ ശിപാർശ**

2.11.4 **ഓഡിറ്റ് പരാമർശിച്ച നാല് പ്രവൃത്തികളുടെയും കൺവീനർമാർക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**പന്തളം ഗ്രാമപഞ്ചായത്ത്**

(ഖണ്ഡിക നമ്പർ 130)

**ശിപാർശ**

2.12.1 ടി.വി.കിയോസ്ക് നിർമ്മാണം, വലക്കടവ് റോഡ് സംരക്ഷണം, അമ്പലപ്പടി പുന്തലമുക്ക് റോഡ്, പുത്തൻപുരപ്പടി പോഴം കൊല്ലാ റോഡ് എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് മുൻകൂർ നൽകിയ തുകകൾ ആർ.ആർ. നടപടിയിലൂടെ അടിയന്തരമായി ഈടാക്കി സമിതിയിൽ റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.12.2 8-8-2008-ൽ ആർ.ആർ. നടപടിക്ക് ബഹു. ജില്ലാ കളക്ടർക്ക് കത്ത് നൽകി. ടി പ്രവൃത്തിയുടെ കൺവീനർ ശ്രീ. കെ. എസ്. അയ്യപ്പൻ കടമാൻകോട് കിഴക്കേതിൽ കുരമ്പാല, പന്തളം എന്നയാളിൽ നിന്നും 12,893 രൂപയും പലിശയും ഉൾപ്പെടെയുള്ള തുകകൾ റവന്യൂ റിക്കവറി നടത്തി ഈടാക്കുന്നതിന് 6-8-2008-ലെ എ 1-1182/2007 നമ്പരായി ബഹു. ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ടി റവന്യൂ റിക്കവറി നടപടികൾ നാളിതുവരെ നടന്നിട്ടില്ലാത്തതിനാൽ ടി കൺവീനറിൽ നിന്നും ടി തുക ഈടാക്കുവാൻ അടിയന്തര നടപടി ഉണ്ടാകണമെന്ന് കാണിച്ച് ബഹു. പത്തനംതിട്ട ജില്ലാ കളക്ടറോട്, 21-4-2014-ൽ എ 1-99/14 നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.12.3 മൂന്നു പ്രവൃത്തികളുടെയും കൺവീനർമാർക്കെതിരെ 27-10-2014-ലാണ് പന്തളം ഗ്രാമപഞ്ചായത്ത് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചത് എന്ന് അറിയിച്ചുകൊള്ളുന്നു.

**തുടർ ശിപാർശ**

2.12.4 **ഓഡിറ്റ് പരാമർശിച്ച പ്രവൃത്തികളുടെ കൺവീനർമാർക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**പന്തളം ഗ്രാമപഞ്ചായത്ത്**

(ഖണ്ഡിക നമ്പർ 136)

**ശിപാർശ**

2.13.1 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വിജിലൻസ് കേസിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.13.2 ടി കേസിന്റെ നിലവിലെ സ്ഥിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ പത്തനംതിട്ട വിജിലൻസ് ഡി.വൈ.എസ്.പി.-ക്ക് കത്ത് നൽകിയിട്ടുണ്ട്. ടി വിജിലൻസ് കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് നൽകുവാൻ (കേസ് നം. വി.സി./1/2007, തീയതി 25-5-2007) ആവശ്യപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസിന് 21-4-2014-ലെ എ 1-97/2014 നമ്പരായി കത്ത് നൽകിയിട്ടുണ്ട് എന്ന വിവരം സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.13.3 ഓഡിറ്റിൽ പരാമർശിക്കും പ്രകാരമുള്ള രസീത് ബുക്കുകൾ, വരവ് രജിസ്റ്ററുകൾ, കളക്ഷൻ രജിസ്റ്ററുകൾ എന്നിവ നഷ്ടപ്പെട്ടുപോയതായും ഇതു സംബന്ധിച്ച വിജിലൻസ് കേസ് വി.സി1/07/25-5-2007 പത്തനംതിട്ട യൂണിറ്റിൽ തുടർന്നു വരുന്നതായും അറിയിച്ചുകൊള്ളുന്നു.

26-4-2018-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം

2.13.4 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട അടിയന്തര റിപ്പോർട്ട് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

2.13.5 റിപ്പോർട്ട് ലഭ്യമാക്കാത്തതിനെ തുടർന്ന് 9-10-2019-ലെ തെളിവെടുപ്പ് യോഗത്തിൽ വിഷയം പരിഗണിച്ചു.

2.13.6 ഓഡിറ്റ് പരാമർശ വിഷയവുമായി ബന്ധപ്പെട്ട വിജിലൻസ് കേസിന്റെ അന്തിമ വിധി 2017-ൽ വന്നിട്ടും ആയത് 26-4-2018-ലെ യോഗത്തിൽ സമിതിയെ അറിയിക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തിയ സമിതി, സമിതിയെ തെറ്റിദ്ധരിപ്പിക്കുന്ന നടപടിയാണ്

പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായതെന്ന് വിലയിരുത്തുകയും വിജിലൻസ് കേസ് അവസാനിപ്പിച്ചിട്ടുള്ളത് സംബന്ധിച്ച റിപ്പോർട്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനും തദ്ദേശസ്വയംഭരണ വകുപ്പിനും സമർപ്പിക്കണമെന്ന് പന്തളം മുനിസിപ്പാലിറ്റി സെക്രട്ടറിയോടും അത് പരിശോധിച്ച് ഓഡിറ്റ് വകുപ്പ് മുഖാന്തരം സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോടും നിർദ്ദേശിക്കുകയും ചെയ്തു.

**തുടർശിപാർശ**

2.13.7 **ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിജിലൻസ് കേസിന്റെ അന്തിമ വിധി 2017-ൽ വന്നിട്ടും ആയത് 26-4-2018-ലെ യോഗത്തിൽ അറിയിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. വിജിലൻസ് കേസിന്റെ അന്തിമവിധി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിനും തദ്ദേശസ്വയംഭരണ വകുപ്പിനും ലഭ്യമാക്കണമെന്ന് പന്തളം മുനിസിപ്പാലിറ്റി സെക്രട്ടറിയോടും ആയത് പരിശോധിച്ച് ഓഡിറ്റ് വകുപ്പ് മുഖേന സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോടും സമിതി നിർദ്ദേശിക്കുന്നു.**

**പന്തളം ഗ്രാമപഞ്ചായത്ത്**

(ഖണ്ഡിക നമ്പർ 140)

**ശിപാർശ**

2.14.1 കുരമ്പാല ഗവൺമെന്റ് എൽ.പി.എസ്.-ന്റെ ഓഫീസ് കെട്ടിടം പണിയുമായി ബന്ധപ്പെട്ട് കൺവീനറായിരുന്ന പി.റ്റി.എ. കമ്മിറ്റി ചെയർമാനിൽ നിന്ന് ഈടാക്കേണ്ട തുക പലിശ സഹിതം ആർ.ആർ. നടപടിയിലൂടെ ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.14.2 ആർ.ആർ. നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ കൺവീനർ ശ്രീ.ഭാർഗവൻ പിള്ള പടിഞ്ഞാറേ വീട്ടിൽ കുരമ്പാല എന്നയാൾക്ക് തുക തിരിച്ചടയ്ക്കണമെന്ന് അറിയിച്ച് 25-1-2008 -ൽ എ 1-1182/2007 നമ്പരായി കത്ത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ടിയാൻ തുക തിരിച്ചടച്ചിട്ടില്ല. ടി സാഹചര്യത്തിൽ ആർ.ആർ. നടപടിയിലൂടെ തുക ഈടാക്കി നൽകണമെന്ന് കാണിച്ച് 21-4-2004-ൽ എ 1-98/14 നമ്പർ കത്ത് പ്രകാരം ബഹു. ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.14.3 പി.റ്റി.എ. കമ്മിറ്റി ചെയർമാനായ ശ്രീ. ഭാർഗ്ഗവൻ പിള്ളയ്ക്കെതിരെ 27-10-2014 -ൽ റവന്യൂ റിക്കവറി നടപടി ആരംഭിച്ചിട്ടുള്ളതായി അറിയിച്ചുകൊള്ളുന്നു.

**തുടർശിപാർശ**

**2.14.4 പ്രസ്തുത പ്രവൃത്തിയുടെ കൺവീനറായിരുന്ന പി.റ്റി.എ. കമ്മിറ്റി ചെയർമാൻ ശ്രീ. ഭാർഗ്ഗവൻ പിള്ളയ്ക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## അദ്ധ്യായം III

**സർക്കാരിന്റെ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും**

**നാരങ്ങാനം ഗ്രാമപഞ്ചായത്ത്**

(ഖണ്ഡിക നമ്പർ 8)

**ശിപാർശ**

3.1.1 വിവിധ പ്രവൃത്തികൾ നടത്തുന്നതിന് അഡ്വാൻസായി കൈപ്പറ്റിയ തുകകൾ അന്തിമ ബില്ലിൽ തട്ടിക്കിഴിക്കുകയോ മറ്റുള്ളവ തിരിച്ച് ഈടാക്കുകയോ ചെയ്തെന്ന പഞ്ചായത്തിന്റെ മറുപടി പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 12-6-2013 -ലെ കത്ത് പ്രകാരം ലഭിച്ച തുടർനടപടി കുറിപ്പ്

3.1.2 പത്തനംതിട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 15-4-2013/7-5-2013 എന്നീ തീയതികളിലെ എൽ.എഫ്.പി.റ്റി.എ.പി 1/197/2013 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

സർക്കാർ സ്വീകരിച്ച നടപടി

3.1.3 സമിതി ശിപാർശ പ്രകാരം തടസ്സം ഒഴിവാക്കിയ വിവരം പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 4-3-2016 -ലെ എ 3-376/16 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിനെയും ഓഡിറ്റിനെയും അറിയിച്ചിട്ടുള്ളതാണ്.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.1.4 ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശത്തെ തുടർന്ന് 20-6-2016-ലെ കെ.എസ്.എ. പി.റ്റി.എ/പി1/642/16 നമ്പർ ഉത്തരവ് മുഖേന പ്രസ്തുത ഖണ്ഡികയിലെ പരാമർശങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.

**നാരങ്ങാനം ഗ്രാമപഞ്ചായത്ത്**

(ഖണ്ഡിക നമ്പർ 11)

**ശിപാർശ**

3.2.1 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട തുക തിരികെ ഈടാക്കിയിട്ടുണ്ട് എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 12-6-2013 -ലെ കത്ത് പ്രകാരം ലഭിച്ച തുടർനടപടി കുറിപ്പ്

3.2.2 പത്തനംതിട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 15-4-2013/7-5-2013 എന്നീ തീയതികളിലെ എൽ.എഫ്.പി.റ്റി.എ.പി1/197/2013 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

സർക്കാർ സ്വീകരിച്ച നടപടി

3.2.3 സമിതി ശിപാർശ പ്രകാരം തടസ്സം ഒഴിവാക്കിയ വിവരം പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 4-3-2016-ലെ എ 3-376/16 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിനെയും ഓഡിറ്റിനെയും അറിയിച്ചിട്ടുള്ളതാണ്.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.2.4 ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശത്തെ തുടർന്ന് 20-6-2016-ലെ കെ.എസ്.എ.പി.റ്റി.എ/പി1/642/16 നമ്പർ ഉത്തരവ് മുഖേന പ്രസ്തുത ഖണ്ഡികയിലെ പരാമർശങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.

**മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്**

(ഖണ്ഡിക നമ്പർ 14)

**ശിപാർശ**

3.3.1 കോടതിയുടെ ഇടപെടൽ മൂലമാണ് ജോലിയിൽ തുടർന്ന രണ്ട് അദ്ധ്യാപകർക്ക് അവധിക്കാല വേതനം നൽകേണ്ടിവന്നതെന്ന സാഹചര്യം കണക്കിലെടുത്തും വെക്കേഷൻ

സാലറി നൽകുക വഴി പഞ്ചായത്തിനുണ്ടായ യഥാർത്ഥ നഷ്ടത്തെ സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഇല്ലാത്തതിനാലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 12-6-2013 -ലെ കത്ത് പ്രകാരം ലഭിച്ച തുടർനടപടി കുറിപ്പ്

3.3.2 പത്തനംതിട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 15-4-2013/7-5-2013 എന്നീ തീയതികളിലെ എൽ.എഫ്.പി.റ്റി.എ.പി1/197/2013 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

സർക്കാർ സ്വീകരിച്ച നടപടി

3.3.3 സമിതി ശിപാർശ പ്രകാരം തടസ്സം ഒഴിവാക്കിയ വിവരം പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 4-3-2016 -ലെ എ 3-376/16 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിനെയും ഓഡിറ്റിനെയും അറിയിച്ചിട്ടുള്ളതാണ്.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.3.4 ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശത്തെ തുടർന്ന് 20-6-2016-ലെ കെ.എസ്.എ.പി.റ്റി.എ/പി1/642/16 നമ്പർ ഉത്തരവ് മുഖേന പ്രസ്തുത ഖണ്ഡികയിലെ പരാമർശങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.

**കലഞ്ഞൂർ ഗ്രാമപഞ്ചായത്ത്**

(ഖണ്ഡിക നമ്പർ 19)

**ശിപാർശ**

3.4.1 സർക്കാരിന്റെയും പഞ്ചായത്തിന്റെയും മറുപടിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 12-6-2013 -ലെ കത്ത് പ്രകാരം ലഭിച്ച തുടർനടപടി കുറിപ്പ്

3.4.2 പത്തനംതിട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 15-4-2013/7-5-2013 എന്നീ തീയതികളിലെ എൽ.എഫ്.പി.റ്റി.എ.പി1/197/2013 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.4.3 സമിതി ശിപാർശ പ്രകാരം തടസ്സം ഒഴിവാക്കിയ വിവരം പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 4-3-2016 -ലെ എ 3-376/16 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിനെയും ഓഡിറ്റിനെയും അറിയിച്ചിട്ടുള്ളതാണ്.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.4.4 ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശത്തെ തുടർന്ന് 20-6-2016-ലെ കെ.എസ്.എ.പി.റ്റി.എ/പി1/642/16 നമ്പർ ഉത്തരവ് മുഖേന പ്രസ്തുത ഖണ്ഡികയിലെ പരാമർശങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.

**റാന്നി - പെരുനാട് ഗ്രാമപഞ്ചായത്ത്**

<u>(ഖണ്ഡിക നമ്പർ 25)</u>

**ശിപാർശ**

3.5.1 അധികമായി ഡീസൽ വാങ്ങിയ ഇനത്തിലുള്ള 5,214 രൂപയും നാളിതുവരെയുള്ള പലിശയും ബന്ധപ്പെട്ട മുൻ സെക്രട്ടറിയിൽ നിന്നും ആർ.ആർ. നടപടിയിലൂടെ അടിയന്തരമായി ഈടാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.5.2 ഈ ആഫീസിലെ മുൻ സെക്രട്ടറിയായിരുന്ന ശ്രീ.തോമസ് ജോണിനെതിരെ ആർ.ആർ. നടപടിയ്ക്ക് 1-7-2008 -ലെ ജെ.എസ്.-180/2008 നമ്പർ കത്ത് പത്തനംതിട്ട ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതും ജില്ലാ കളക്ടർ ആർ6-38369/2008 നമ്പർ കത്ത് പ്രകാരം തിരുവല്ല തഹസീൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുക ഇതുവരെ അടച്ചിട്ടില്ല. 13-10-2008, 10-4-2014 തീയതികളിൽ ഓർമ്മക്കുറിപ്പും സമർപ്പിച്ചിട്ടുള്ളതാകുന്നു. ടിയാൻ 7-3-2009 -ൽ മരണപ്പെട്ടു പോയി. തുക ഇതുവരെയും ഈടാക്കി ലഭിച്ചിട്ടില്ല.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.5.3 മുൻ സെക്രട്ടറി ശ്രീ. തോമസ് ജോൺ 7-3-2009-ൽ മരണപ്പെട്ടിട്ടുള്ളതാണ്. 1-7-2008 -ലെ ജെ.എസ്. 180/08 നമ്പർ അപേക്ഷ ബഹു. പത്തനംതിട്ട ജില്ലാ കളക്ടർക്ക് ഗ്രാമപഞ്ചായത്ത് നൽകുകയും, ജില്ലാ കളക്ടർ ആർ 6-38369/08 നമ്പർ കത്ത് പ്രകാരം തിരുവല്ല തഹസീൽദാരെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ റവന്യൂ റിക്കവറി മുഖേന തുക ഈടാക്കിയിട്ടില്ല എന്നും അറിയിച്ചുകൊള്ളുന്നു.

## റാന്നി - പെരുനാട് ഗ്രാമപഞ്ചായത്ത്

(ഖണ്ഡിക നമ്പർ 26)

### ശിപാർശ

3.6.1 ജീപ്പിന്റെ ലോഗ് ബുക്കിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ട് എന്ന ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലോഗ് ബുക്കുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 12-6-2013 -ലെ കത്ത് പ്രകാരം ലഭിച്ച തുടർനടപടി കുറിപ്പ്

3.6.2 പത്തനംതിട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 15-4-2013/7-5-2013 എന്നീ തീയതികളിലെ എൽ.എഫ്.പി.റ്റി.എ.പി1/197/2013 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

സർക്കാർ സ്വീകരിച്ച നടപടി

3.6.3 സമിതി ശിപാർശ പ്രകാരം തടസ്സം ഒഴിവാക്കിയ വിവരം പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 4-3-2016 -ലെ എ 3-376/16 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിനെയും ഓഡിറ്റിനെയും അറിയിച്ചിട്ടുള്ളതാണ്.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.6.4 ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശത്തെ തുടർന്ന് 20-6-2016-ലെ കെ.എസ്.എ. പി.റ്റി.എ/പി1/642/16 നമ്പർ ഉത്തരവ് മുഖേന പ്രസ്തുത ഖണ്ഡികയിലെ പരാമർശങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.

## കവിയൂർ ഗ്രാമപഞ്ചായത്ത്

(ഖണ്ഡിക നമ്പർ 56)

### ശിപാർശ

3.7.1 കല്ലുമ്പള്ളി തേനിശ്ശേരിപ്പടി റോഡ് പണി സംബന്ധിച്ച പരാമർശം ഓഡിറ്റ് വകുപ്പ് പരിശോധിച്ച് പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽതുക നൽകിയിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 12-6-2013 -ലെ കത്ത് പ്രകാരം ലഭിച്ച തുടർനടപടി കുറിപ്പ്</u>

3.7.2 പത്തനംതിട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 15-4-2013/7-5-2013 എന്നീ തീയതികളിലെ എൽ.എഫ്.പി.റ്റി.എ.പി1/ 197 /2013 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.7.3 സമിതി ശിപാർശ പ്രകാരം തടസ്സം ഒഴിവാക്കിയ വിവരം പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 4-3-2016 -ലെ എ 3-376/16 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിനെയും ഓഡിറ്റിനെയും അറിയിച്ചിട്ടുള്ളതാണ്.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.7.4 ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശത്തെ തുടർന്ന് 20-6-2016-ലെ കെ.എസ്.എ.പി.റ്റി.എ/പി1/642/16 നമ്പർ ഉത്തരവ് മുഖേന പ്രസ്തുത ഖണ്ഡികയിലെ പരാമർശങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.

**കവിയൂർ ഗ്രാമപഞ്ചായത്ത്**

<u>(ഖണ്ഡിക നമ്പർ 68)</u>

**ശിപാർശ**

3.8.1 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ നൽകിയ റിപ്പോർട്ടിൽ, മനഃപൂർവ്വമായി ഫണ്ട് ദുർവിനിയോഗം നടന്നതായി കാണുന്നില്ല എന്ന് രേഖപ്പെടുത്തിയതിനാലും, പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ പരാമർശ വിധേയനായ കൺവീനർ മരണപ്പെട്ടിട്ടുള്ളതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 12-6-2013 -ലെ കത്ത് പ്രകാരം ലഭിച്ച തുടർനടപടി കുറിപ്പ്</u>

3.8.2 പത്തനംതിട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 15-4-2013/7-5-2013 എന്നീ തീയതികളിലെ എൽ.എഫ്.പി.റ്റി.എ.പി1/197/2013 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.8.3 സമിതി ശിപാർശ പ്രകാരം തടസ്സം ഒഴിവാക്കിയ വിവരം പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 4-3-2016 -ലെ എ 3-376/16 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിനെയും ഓഡിറ്റിനെയും അറിയിച്ചിട്ടുള്ളതാണ്.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.8.4 ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശത്തെ തുടർന്ന് 20-6-2016-ലെ കെ.എസ്.എ.പി.റ്റി.എ/പി1/642/16 നമ്പർ ഉത്തരവ് മുഖേന പ്രസ്തുത ഖണ്ഡികയിലെ പരാമർശങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.

**ഓമല്ലൂർ ഗ്രാമപഞ്ചായത്ത്**

<u>(ഖണ്ഡിക നമ്പർ 81)</u>

**ശിപാർശ**

3.9.1 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഒൻപത് പ്രവൃത്തികളിൽ താന്നിക്കൽപ്പാടി, കയ്യാലേത്തുപടി റോഡ് നിർമ്മാണം, നിയായിപ്പും വേലിൻപടി മാപ്പിറപ്പാട്ടപടി റോഡ് സംരക്ഷണം, ഉറുമ്പിൻപടി പുതുവാത്തുപ്പടി റോഡ്, കപ്പമാവ് നിൽക്കുന്നതിൻപ്പടി- മലങ്കോട്ട റോഡ് എന്നീ പ്രവൃത്തികളിൽ ഗ്രാമപഞ്ചായത്ത് നൽകിയ വിശദീകരണം ഓഡിറ്റ് വകുപ്പ് അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നത് പരിഗണിച്ച്, പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഒരേ പ്രവൃത്തി രണ്ടു പ്രാവശ്യം ചെയ്തുവെന്ന മറ്റു പരാമർശങ്ങൾ കണക്കിലെടുത്ത് ഒരേ റോഡുകളിൽ പല ഭാഗങ്ങളിലായി ഉദ്ധാരണ പ്രവൃത്തികൾ നടത്തുമ്പോൾ എസ്റ്റിമേറ്റിലും മറ്റ് രേഖകളിലും നിർബന്ധമായും ചെയിനേജ് കാണിച്ചിരിക്കണം എന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 12-6-2013 -ലെ കത്ത് പ്രകാരം ലഭിച്ച തുടർനടപടി കുറിപ്പ്</u>

3.9.2 പത്തനംതിട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 15-4-2013/7-5-2013 എന്നീ തീയതികളിലെ എൽ.എഫ്.പി.റ്റി.എ.പി1/197/2013 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

3.9.3 ഒരേ പ്രവൃത്തി രണ്ടു പ്രാവശ്യം ചെയ്തു എന്ന പരാമർശങ്ങൾ കണക്കിലെടുത്ത് ഒരേ റോഡുകളിൽ പല ഭാഗങ്ങളിൽ ഉദ്ധാരണ പ്രവൃത്തികൾ നടത്തുമ്പോൾ എസ്റ്റിമേറ്റിലും മറ്റ് രേഖകളിലും ചെയിനേജ് കാണിക്കണമെന്ന നിർദ്ദേശവും പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

